No.9/2019/SRG/LSGD(2)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.07.2019-ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 3.00-മണിക്ക് സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

1. **തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം**

30.07.2019 വരെയുള്ള ആകെ പദ്ധതി ചെലവ് 13.11 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 16.56 ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കോഴിക്കോട് ജില്ലയിലും (15.4%) ഏറ്റവും കുറവ് കൊല്ലം ജില്ലയിലുമാണ് (11.06 ശതമാനം) 237.36 കോടി രൂപയുടെ 3780 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 13.26% |
| ബ്ലോക്ക് പഞ്ചായത്ത് | 11.91% |
| ജില്ലാ പഞ്ചായത്ത് | 11.68% |
| മുനിസിപ്പാലിറ്റി | 15.09% |
| കോർപ്പറേഷൻ | 13.14% |
| **ആകെ** | **13.11 ശതമാനം** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | കോഴിക്കോട് | 15.4% |
| 2 | കാസർഗോഡ് | 14.66% |
| 3 | മലപ്പുറം | 14.65% |
| 4 | കണ്ണൂർ | 14.54% |
| 5 | വയനാട് | 13.98% |
| 6 | ആലപ്പുഴ | 13.68% |
| 7 | കോട്ടയം | 13.6% |

| | | |
|---|---|---|
| 8 | പത്തനംതിട്ട | 13.35% |
| 9 | ഇടുക്കി | 13.22% |
| 10 | എറണാകുളം | 13.18% |
| 11 | തൃശ്ശൂർ | 12.36% |
| 12 | പാലക്കാട് | 11.65% |
| 13 | തിരുവനന്തപുരം | 11.4% |
| 14 | കൊല്ലം | 11.06% |

പൊതു വിഭാഗം, SCP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCP | TSP |
|---|---|---|
| 13.44% | 11.43% | 10.57% |

ഈ വർഷം ഡിസംബർ 31-ാം തീയതിയോടെ 70 ശതമാനം പദ്ധതിച്ചെലവ് കൈവരിക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അവസാന പാദത്തിൽ 30 ശതമാനം മാത്രം പദ്ധതിച്ചെലവ് വരുത്തുക എന്ന ലക്ഷ്യം കൈവരിച്ചാൽ മാത്രമേ വർഷാവസാനം വരുന്ന പെൻഡിംഗ് ബിൽ/ക്യൂ ബിൽ പ്രശ്നം പരിഹരിക്കാൻ കഴിയൂ. കഴിഞ്ഞ ജൂൺ 30-ന് 15% പദ്ധതിച്ചെലവ് കൈവരിക്കണമെന്നാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 8.80% മാത്രമാണ് കൈവരിച്ച ചെലവ്. സെപ്റ്റംബർ 30-ന് 45% ചെലവാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ചിട്ടപ്പെടുത്തണം. ഇതിന്മേൽ സജീവമായി ഇടപെടാനും അവലോകനം കാര്യക്ഷമമായി നടത്താനും വകുപ്പ് മേധാവികളും പ്രത്യേകം ഇടപെടണം.

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 05.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക3.7**

ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നെറ്റ് കണക്ഷൻ നൽകുന്നതിന് CSR ഫണ്ട് ലഭിക്കുന്നതടക്കമുള്ളതിന്റെ സാധ്യത പരിശോധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേയും ഐ.കെ.എം. ഡയറക്ടറേയും ചുമതലപ്പെടുത്തിയിരുന്നു. ഐ.കെ.എം. ഡയറക്ടറും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും റിപ്പോർട്ട് നൽകിയിരുന്നു. എന്നാൽ ഐ.കെ.എം. ഡയറക്ടർ കൂടിയായ ഐ.ടി. മിഷൻ ഡയറക്ടർ താഴെപ്പറയും പ്രകാരം പുതിയ നിർദ്ദേശം യോഗത്തിൽ അവതരിപ്പിച്ചു.

ഇടമലക്കുടി ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് കെ.എസ്.ഇ.ബി കേബിൾ സ്ഥാപിക്കാൻ കുഴിയെടുക്കുന്നുണ്ട്. ഇതിലൂടെ തന്നെ നെറ്റ് വർക്കിന് OFC ഇടാൻ KFON (Kerala Fibre Optic Net Work) നടപടി സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ Net Work നൽകാൻ ഇതാണ് കൂടുതൽ സൗകര്യപ്രദമെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

**തീരുമാനം:-** ഇതിന്റെ നടപടികൾ വേഗത്തിലാക്കി കഴിവതും ഓണത്തിനു മുമ്പ് പഞ്ചായത്തിൽ നെറ്റ് വർക്ക് ലഭ്യമാക്കാനുള്ള ക്രമീകരണം ഉണ്ടാക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

**നടപടി :1) തദ്ദേശസ്വയംഭരണ (ആർ.ബി.) വകുപ്പ്**
**2)പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.**
**4)ഡയറക്ടർ, ഐ.ടി. മിഷൻ**

### 2.2 27.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.3**

ലൈഫ് മിഷൻ പദ്ധതിയിൽ സ്വന്തമായി 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് രണ്ടു ലക്ഷം രൂപയായി നിരക്ക് നിശ്ചയിച്ചിരുന്നു.

ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും ഈ നിരക്കു തന്നെ മതിയോ എന്നും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ഈ നിരക്ക് തന്നെയാണോ എന്നും പരിശോധിക്കണമെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് നിർദ്ദേശിച്ചിരുന്നുവെങ്കിലും വ്യക്തമായ റിപ്പോർട്ട് ലഭിച്ചില്ല.

ഇതിന്മേൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം:-** 1) പൊതു വിഭാഗത്തിന് 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് ലൈഫ് മിഷൻ നിശ്ചയിച്ച പരമാവധി 2.00 ലക്ഷം രൂപ എന്ന നിരക്ക് പാലിക്കണം എസ്.സി./എസ്.റ്റി വിഭാഗത്തിന് ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച നല്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ ലൈഫ് മിഷൻ പുതിയ നിരക്ക് നിശ്ചയിക്കും വരെ പട്ടികജാതി വികസന വകുപ്പിന്റെ താഴെപ്പറയുന്ന നിരക്ക് (പരമാവധി) ഭൂമി വാങ്ങുന്നതിന് ബാധകമാണ്.

ഗ്രാമപഞ്ചായത്ത് (5സെന്റ് സ്ഥലം) - 3.75 ലക്ഷം രൂപ
മുനിസിപ്പാലിറ്റി ( 5 സെന്റ് സ്ഥലം) - 4.5 ലക്ഷം രൂപ
കോർപ്പറേഷൻ (3 സെന്റ് സ്ഥലം) - 6.00 ലക്ഷം രൂപ

എന്നാൽ മുകളിൽ പറഞ്ഞതിനേക്കാൾ കുറച്ചാണ് സ്ഥലം വാങ്ങുന്നതെങ്കിൽ ആനുപാതികമായി ധനസഹായവും കുറവു ചെയ്യണം.

2) പൊതുവിഭാഗം ആൾക്കാർക്ക് നഗരസഭകളിലും കോർപ്പറേഷനുകളിലും സ്ഥലം വാങ്ങുന്നതിന്റെ നിരക്ക് നിശ്ചയിച്ച് വ്യക്തത വരുത്തണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് യോഗം നിർദ്ദേശിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

**2.3 20.06.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.2**

ശുചിത്വ മിഷൻ 2018-19-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം നൽകിയിരുന്നു. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വിഹിതം ചെലവഴിച്ചു. എന്നാൽ ഈ തുക ട്രഷറിയിൽ നിന്നും മാറാത്തവരും, തുക മാറി സ്പെഷ്യൽ റ്റി.എസ്.ബി.യിൽ സൂക്ഷിച്ചിട്ടുള്ളവരും ഉണ്ട്. ഇപ്രകാരം തുക മാറി സ്പെഷ്യൽ റ്റി.എസ്.ബി.യിൽ സൂക്ഷിച്ചിരിക്കുന്ന എത്ര തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്, എത്ര തുകയുണ്ട് തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. തുക മാറാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം തുക അനുവദിക്കുമ്പോൾ പ്രത്യേക പരിഗണന നൽകാൻ കഴിയുമോ എന്നതു സംബന്ധിച്ചും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇങ്ങനെ തുക മാറി ടി തുക സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് കണ്ണൂരിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്ത് (22,725/- രൂപ), പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് (2,40,000/- രൂപ), കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് (4,392/- രൂപ) എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചതനുസരിച്ച് താഴെപ്പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം:-** സ്പെഷ്യൽ റ്റി.എസ്.ബിയിൽ സൂക്ഷിച്ചിട്ടുള്ള ഈ തുക തദ്ദേശഭരണ സ്ഥാപനത്തിന് ഉപയോഗിക്കാവുന്നതാണ്. തുക മാറാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം തുക അനുവദിക്കുമ്പോൾ പ്രത്യേക പരിഗണന നൽകേണ്ടതില്ല. തുക ചെലവഴിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതേ ആവശ്യത്തിനായി ഈ വർഷം തുക അനുവദിക്കേണ്ടതില്ല. തുക മാറാത്തതിന്റെ കാരണം കൂടി ആരായണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**

**ഖണ്ഡിക 3.3**

06.05.2013-ലെ സ.ഉ.(സാധാ) 1209/2013/തസ്വഭവ നമ്പർ തീരുമാനപ്രകാരം Kerala Social Security Mission നുള്ള വിഹിതം നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് തുടർന്നുള്ള വർഷങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ തുക KSSM-ന് അടയ്ക്കുന്നുണ്ട്. പഴയ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതിനാലാണ് തുക അടയ്ക്കുന്നത്. KSSM-ന് തുക അടയ്ക്കുന്ന രീതി ഇനി തുടരണമോ എന്നതു സംബന്ധിച്ച് പരിശോധിക്കുന്നതിന് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പറെ കൂടി ഉൾപ്പെടുത്തി ബന്ധപ്പെട്ടവരുടെ യോഗം ചേരാൻ തീരുമാനിച്ചു. ഇതിന്മേൽ വകുപ്പ് തുടർ നടപടി സ്വീകരിക്കണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**ഖണ്ഡിക 3.6**

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ ഏജൻസികളിൽ മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ഓരോ തദ്ദേശഭരണ സ്ഥാപനം തിരിച്ച് തയ്യാറാക്കണം. ഇതിനായി ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടേയും സെക്രട്ടറിമാരുടേയും യോഗം വിളിച്ചു ചേർത്ത് ഇനി പൂർത്തിയാക്കാനുള്ള ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികളുടെ എണ്ണം, തുക, ഡെപ്പോസിറ്റ് ചെയ്ത വർഷം , ഏജൻസിയുടെ പേര് എന്നീ വിശദാംശങ്ങൾ ശേഖരിക്കുകയും മുൻ വർഷങ്ങളിലെ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കാൻ നിർദ്ദേശിക്കുകയും വേണം . യോഗത്തിലേയ്ക്ക് KSEB, KWA, GWD തുടങ്ങിയ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരെയും വിളിക്കണം.

ജില്ല തിരിച്ച് ഇതിന്റെ വിശദാംശങ്ങൾ ജില്ലാ ആസൂത്രണസമിതിക്കു വേണ്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ ക്രോഡീകരിച്ച് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ ചീഫ് മുഖേന കോഓർഡിനേഷൻ കമ്മിറ്റിക്കു നൽകണം. മുകളിൽ പറഞ്ഞ ഏജൻസികളോടൊപ്പം മറ്റ് അക്രഡിറ്റഡ് ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടേയും അതിന്റെ ഉപയോഗവും സംബന്ധിച്ചും പരിശോധന നടത്തണം.

കൊല്ലം, കോട്ടയം, മലപ്പുറം കോഴിക്കോട്, കണ്ണൂർ, കാസറഗോഡ്, എന്നീ ജില്ലകൾ പൂർണ്ണമായും തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലകൾ ഭാഗികമായും റിപ്പോർട്ട് നൽകിയിട്ടുണ്ട് എന്ന് സംസ്ഥാന ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പത്തനംതിട്ട, , തൃശ്ശൂർ വയനാട്, എന്നീ ജില്ലകൾ റിപ്പോർട്ട് നൽകിയിട്ടില്ല. അവലോകനം ആഗസ്റ്റ് 5-ാം തീയതിക്കകം പൂർത്തിയാകുമെന്നും അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് വിശദാംശം നൽകാമെന്നും ചീഫ് അറിയിച്ചിട്ടുണ്ട്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് , വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ,**
**സംസ്ഥാന ആസൂത്രണ ബോർഡ്**

## ഖണ്ഡിക 4.2

**ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ധനസഹായം**

**ബഹു കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 22.11.2018-ലെ HRMP നമ്പർ 1518/16-ാം നമ്പർ ഉത്തരവ് ( LSGD - DA1-184/16)**

ശ്രീ. എം. ജയമോഹൻ, രാധ ഹൗസ്, ജില്ലാ കോടതി വാർഡ്, ആലപ്പുഴ എന്ന ആളുടെ ഹർജിയിന്മേൽ ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിൽ 16.11.2013-ലെ 362/13/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ധനസഹായം നൽകാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന്മേൽ നടപടി സംബന്ധിച്ച്

ഈ വിഷയത്തിന്മേൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ച തുടർ നടപടി വകുപ്പ് സ്വീകരിക്കണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## ഖണ്ഡിക 4.11

**പുളിക്കൽ ഗ്രാമ പഞ്ചായത്ത്**

**പുളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.02.2019-ലെ A1-354/19-ാം നമ്പർ കത്തും (ലഭിച്ചത് 11.06.2019) 23.04.2018-ലെ 10(1)--ാം നമ്പർ ഭരണസമിതി തീരുമാനവും ( E - 3564743/19/ MLSGD)**

***പ്രോ.നം. - 185/16*** ***അടങ്കൽ - 3,00,000/- രൂപ (CFC)***

***പേര്:- ചെവിട്ടാണിക്കുന്ന് മായക്കര അംഗനവാടി നവീകരണം***

2016-17-ൽ അംഗനവാടി നവീകരണത്തിന് 3.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി. തുടർന്നുള്ള വർഷം പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയില്ല. 2018 ജനുവരിയിൽ പ്രവൃത്തി പൂർത്തീകരിച്ചു. ബില്ലുമായി കരാറുകാരൻ എത്തിയപ്പോളാണ് അപാകത ശ്രദ്ധിച്ചത്. ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്. പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് താഴെപ്പറയും പ്രകാരം റിപ്പോർട്ട് നൽകി.

2016-17-ലെ ഈ പ്രോജക്ട് 2017-18 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയതായി കാണുന്നില്ല. 2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്താത്ത പ്രോജക്ടിന് സാങ്കേതികാനുമതി

വാങ്ങുകയും എഗ്രിമെന്റ് വയ്ക്കുകയും വർക്ക് പൂർത്തീകരിക്കുകയും ചെയ്തത് അസിസ്റ്റന്റ് എഞ്ചിനീയറുടെ വീഴ്ചയാണ്. പ്രസ്തുത പ്രോജക്ടിന് 2016-17 പദ്ധതിയിൽ ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ച സാഹചര്യം പരിഗണിച്ചും 2017-18-ൽ തന്നെ പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് 2018-19- വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തതിനാലും ടി പ്രോജക്ട് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകാവുന്നതാണ് എന്ന് ശുപാർശ ചെയ്തിരിക്കുന്നു.

**തീരുമാനം:-** 1) വീഴ്ച വരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

2) ഈ വർഷത്തെ പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകുന്നു. ആവശ്യമായ ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ നടത്തണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 3.പൊതുവിഷയങ്ങൾ

================

3.1 താഴെപ്പറയുന്ന 31 തദ്ദേശഭരണ സ്ഥാപനങ്ങൾ 2019-20 -ലെ പദ്ധതി കഴിഞ്ഞ ഡിസംബറിൽ സമർപ്പിച്ചപ്പോൾ ഏതാനും പ്രോജക്ടുകൾ വിട്ടുപോയി. പദ്ധതി അന്തിമമാക്കി സമർപ്പിച്ചപ്പോഴും ഇവ ചേർത്തില്ല. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുപോയ പ്രോജക്ടുകൾ കൂട്ടിച്ചേർക്കാൻ സൗകര്യമൊരുക്കണമെന്നതു സംബന്ധിച്ച് .

| ക്രമ നം | തദ്ദേശഭരണ സ്ഥാപനം | തദ്ദേശഭരണ സ്ഥാപന തരം | പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|
| 1 | വെള്ളനാട് | BP | 13 |
| 2 | പഴയന്നൂർ | BP | 30 |
| 3 | അരീക്കോട് | BP | 32 |
| 4 | കല്ലൂപ്പാറ | GP | 23 |
| 5 | മെഴുവേലി | GP | 14 |
| 6 | കുളനട | GP | 25 |
| 7 | മാരാരിക്കുളം വടക്ക് | GP | 18 |
| 8 | നെടുമുടി | GP | 7 |
| 9 | വള്ളിക്കുന്നം | GP | 17 |
| 10 | മാവേലിക്കര-താമരക്കുളം | GP | 9 |
| 11 | ഉദയനാപുരം | GP | 8 |
| 12 | തുക്കൊടിത്താനം | GP | 118 |
| 13 | നെടുംകുന്നം | GP | 51 |
| 14 | എരുമേലി | GP | 6 |
| 15 | വടക്കേക്കര | GP | 76 |

| ക്രമ നം | തദ്ദേശഭരണ സ്ഥാപനം | തദ്ദേശഭരണ സ്ഥാപന തരം | പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|
| 16 | ചേരനല്ലൂർ | GP | 6 |
| 17 | ഒരുമനയൂർ | GP | 6 |
| 18 | പുന്നയൂർ | GP | 24 |
| 19 | ചൊവ്വന്നൂർ | GP | 6 |
| 20 | നെന്മണിക്കര | GP | 31 |
| 21 | വരാന്തരപ്പള്ളി | GP | 6 |
| 22 | മതിലകം | GP | 7 |
| 23 | കൊപ്പം | GP | 15 |
| 24 | മുതലമട | GP | 26 |
| 25 | ചൊക്കാട് | GP | 19 |
| 26 | അങ്ങാടിപ്പുറം | GP | 70 |
| 27 | എടയൂർ | GP | 52 |
| 28 | പനമരം | GP | 12 |
| 29 | കോട്ടയം | GP | 6 |
| 30 | കാറടുക്ക | BP | 20 |
| 31 | ഈരാറ്റുപേട്ട | Mun | 39 |

**തീരുമാനം :-** ഇത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വിശദീകരണം സഹിതം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് നൽകുന്ന മുറയ്ക്ക് ആവശ്യമായ ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യാൻ സ്റ്റേറ്റ് റിസോഴ്സ്ഗ്രൂപ്പിനേയും ഇൻഫർമേഷൻ കേരള മിഷനെയും ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**3) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

3.2 തദ്ദേശഭരണ സ്ഥാപനങ്ങൾ 2019-20-ലെ പദ്ധതി അന്തിമമാക്കി സമർപ്പിക്കാനുള്ള പുതുക്കി നിശ്ചയിച്ച തീയതി 29.06.2019 ആയിരുന്നു. 140 തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ കാലപരിധിക്കകം പുതുക്കിയ പദ്ധതി സമർപ്പിച്ചില്ല. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 23.07.2019-വരെ വീണ്ടും സമയം ദീർഘിപ്പിച്ച് നൽകി. എന്നാൽ താഴെപ്പറയുന്ന 19 തദ്ദേശഭരണ സ്ഥാപനങ്ങൾ ഇനിയും പദ്ധതി സമർപ്പിച്ചിട്ടില്ല.

| ക്രമ നം | തദ്ദേശഭരണ സ്ഥാപനം | ജില്ല |
|---|---|---|
| **ഗ്രാമപഞ്ചായത്ത്** | | |
| 1 | കല്ലറ | തിരുവനന്തപുരം |
| 2 | സേനാപതി | ഇടുക്കി |
| 3 | കോലാഴി | തൃശ്ശൂർ |
| 4 | ഉർങ്ങാട്ടിരി | മലപ്പുറം |
| 5 | കൂതാളി | കോഴിക്കോട് |
| 6 | മണിയൂർ | |
| 7 | മേപ്പയൂർ | |
| 8 | പുറമേരി | |
| 9 | തലക്കുളത്തൂർ | |
| 10 | മാട്ടൂൽ | കണ്ണൂർ |
| 11 | പാട്യം | |
| 12 | പായം | |
| 13 | കള്ളാർ | കാസർഗോഡ് |
| **ബ്ലോക്ക് പഞ്ചായത്ത്** | | |
| 14 | മേലടി | കോഴിക്കോട് |
| 15 | കോഴിക്കോട് | |
| **മുനിസിപ്പാലിറ്റി** | | |
| 16 | തിരുവല്ല | പത്തനംതിട്ട |
| 17 | ആന്തൂർ | കണ്ണൂർ |
| 18 | ശ്രീകണ്ഠപുരം | |
| **ജില്ലാ പഞ്ചായത്ത്** | | |
| 19 | ഇടുക്കി | ഇടുക്കി |

**തീരുമാനം** :- 1) ഇതിന്റെ കാരണം അതതു ജില്ലാ ആസൂത്രണസമിതി പ്രത്യേകമായി പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് മുഖേന റിപ്പോർട്ട് സർക്കാരിന് നൽകണം

2) ഇതുവരെയും പരിഷ്കരിച്ച പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാത്തതിന്റെ കാരണം സഹിതം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം എസ്.ആർ.ജിക്ക് നൽകുന്ന മുറയ്ക്ക് സുലേഖയിൽ ആവശ്യമായ ക്രമീകരണം ചെയ്യാൻ എസ്.ആർ.ജി.യെയും ഐ.കെ.എം നേയും ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ്, ഡി.പി. ഡിവിഷൻ**
**സംസ്ഥാന ആസൂത്രണ ബോർഡ്**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**
**4) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

3.3 അംഗനവാടി ടീച്ചർമാർക്കും ആയമാർക്കും അധിക ഓണറേറിയം നൽകാൻ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വിഹിതം വയ്ക്കുന്നത് സംബന്ധിച്ച് 20.06.2019ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്തിരുന്നു. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനായി തുക വകയിരുത്തണമെന്നും വനിതാ ശിശുക്ഷേമ ഡയറക്ടറെ പ്രതിനിധീകരിച്ചെത്തിയ ഉദ്യോഗസ്ഥർ അറിയിച്ചിരുന്നു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഐ.സി.ഡി.എസ് സൂപ്പർവൈസർമാരും, സി.ഡി.പി.ഒമാരും ശുപാർശ ചെയ്യുന്ന തുക വകയിരുത്തണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു.

എന്നാൽ സാമൂഹ്യനിതി (ബി) വകുപ്പ് സ്പെഷ്യൽ സെക്രട്ടറി കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിക്കു നൽകിയ 04.06.2019-ലെ സാ.നീ.വ.B2/48/2019 ലെ കത്തു പ്രകാരം അംഗനവാടി ജീവനക്കാരുടെ മുഴുവൻ ഓണറേറിയവും വനിതാ-ശിശു വികസന വകുപ്പിൽ നിന്നും നൽകുന്നതിന് രണ്ടു വ്യത്യസ്ഥ ശീർഷകങ്ങളിലായി (2235-02-102-55-00-01-05-NP & 2235-02-102-47(P) ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആശയക്കുഴപ്പമുണ്ടാക്കി എന്നും ഇതൊഴിവാക്കേണ്ടതായിരുന്നു വെന്നും യോഗം വിലയിരുത്തി.

**തീരുമാനം** :- ഇത് വനിതാ ശിശുക്ഷേമ ഡയറക്ടർ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുമായി ചർച്ച ചെയ്ത് വ്യക്തത വരുത്തി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പായി രേഖാമൂലം റിപ്പോർട്ട് നൽകണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**
**2) സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്**
**3) ഡയറക്ടർ, വനിതാ ശിശുക്ഷേമം**

3.4 പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, MRS ഹോസ്റ്റൽ എന്നിവിടങ്ങളിലെ കുട്ടികളുടെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ വാദ്യോപകരണങ്ങൾ വാങ്ങി നൽകാൻ നടപടി സ്വീകരിക്കണം. പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിനു നടപടി സ്വീകരിക്കണം. കൂടാതെ ഇത്തരം സ്ഥാപനങ്ങളിൽ സാംസ്കാരിക വകുപ്പിന്റെ വജ്ര ജൂബിലി കലാകാരന്മാരുടെ സേവനം ലഭ്യമാക്കണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**
**3)ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്**
**4) ഡയറക്ടർ, സാംസ്കാരിക വകുപ്പ്**

**4. പ്രത്യേക വിഷയങ്ങൾ**

====================

## 4.1 കാസറഗോഡ് ജില്ലാ പഞ്ചായത്ത്

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിക്ക് മുട്ടച്ചിറ എന്ന സ്ഥലത്ത് കിണർ കുഴിച്ച് കുടിവെള്ളമെത്തിക്കുന്നതിന് 2012-13 വർഷം 1.50 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് ഡിപ്പോസിറ്റ് ചെയ്തിരുന്നു. ഇവിടെ കിണർ കുഴിച്ചാൽ തദ്ദേശവാസികൾക്ക് കുടിവെള്ള ക്ഷാമം രൂക്ഷമാകും എന്നതിനാൽ പദ്ധതിക്ക് എതിർപ്പുണ്ടായി. അതിനാൽ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്ത 1.50 കോടി രൂപ ഉപയോഗിച്ച് കാഞ്ഞങ്ങാട് മുനിസിപ്പൽ പ്രദേശം വഴി ജില്ലാ ആശുപത്രിയിലേയ്ക്ക് പൈപ്പ് മാറ്റിയിടാനും ശുദ്ധജല പ്ലാന്റ് അടക്കമുള്ള സംവിധാനങ്ങൾ നവീകരിക്കാനും പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. കേരള വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മുൻകൂർ അനുമതി വാങ്ങണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.2 മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്

**മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.06.2019-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22.05.2019-ലെ D1-GL/WF/MJR 2019-ാം നമ്പർ കത്തും.**

**പ്രോ.നം. 32/18**

**പേര്:- സീതാംഗോളി ICDS വനിതാ ഹാൾ നിർമ്മാണം**

സീതാംഗോളി ICDS വനിതാ ഹാൾ നിർമ്മാണത്തിനുള്ള പ്രോജക്ട് 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രോജക്ടിൽ വെറ്റിംഗ് സമയത്ത് ഭേദഗതി വരുത്തിയതിനുശേഷം വീണ്ടും ജില്ലാ ആസൂത്രണസമിതി അംഗീകാരത്തിനു സമർപ്പിക്കാൻ വിട്ടുപോയി. അതിനാൽ 2019-20-ൽ സ്പിൽ ഓവറായി ചേർക്കാൻ സാധിച്ചില്ല. ഇത് സ്പിൽ ഓവറായി ചേർക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** :- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

## 4.3 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

**മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 07.03.2019-ലെ കത്തും മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 28.02.2017-ലെ ADA 36/18-19-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2019-ലെ 4.15-ാം നമ്പർ തീരുമാനവും ( 1260/18, 503/19 - LSGD DD2-42/2019)**

*പ്രോ.നം. 146/19* *അടങ്കൽ - 11,12,000/- രൂപ*
*(വികസനഫണ്ട് - 10,00,000/- രൂപ*
*ഗുണഭോക്തൃ വിഹിതം 1,12,000/- രൂപ)*

2017-18-ലെ കക്കേരി ജലസേചന പദ്ധതിക്ക് മോട്ടോർ പമ്പ് ഹൗസ്, പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നുണ്ട്. ഇതിന് 10 ശതമാനം ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ അനുമതി സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2019 -ലെ യോഗ തീരുമാനപ്രകാരം (ഖണ്ഡിക 4.15) ഇതു പൊതു പദ്ധതിയാണോ വ്യക്തിഗത പദ്ധതിയാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കൃഷി അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

ഇത് ഒരു പൊതു പദ്ധതിയാണെന്നും 18 കുടംബങ്ങൾക്കായി 35 ഏക്കർ സ്ഥലത്ത് നെൽക്കൃഷി ചെയ്യാൻ സാധിക്കുമെന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തീരുമാനം** :- ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.4 മുട്ടാർ ഗ്രാമപഞ്ചായത്ത്

**08.05.2019-ലെ DA2/124/19/തസ്വഭവ നമ്പർ സർക്കാർ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 08.04.2019-ലെ J1- 20909/18-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019-ലെ 4.41-ാം നമ്പർ തീരുമാനവും**

പ്രളയകാലത്ത് കുടിവെള്ളം വിതരണം ചെയ്യുന്നതിന് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് (നോൺ റോഡ്) 5,39,500/-രൂപ ചെലവഴിച്ചു. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 27.02.2019-ലെ കോഓർഡിനേഷൻ കമ്മറ്റി യോഗം ( ഖണ്ഡിക 4.41) പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. താഴെപ്പറയും പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

തനത് ഫണ്ട് കുറവായതിനാലാണ് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചതെന്നും സാധൂകരണം നൽകാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

**തീരുമാനം** :- പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്**

## 4.5 സീതത്തോട് ഗ്രാമപഞ്ചായത്ത്

**സീതത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.02.2019-ലെ S6-754/19-ലെ കത്തും 25.02.2019-ലെ 9(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 451/19-LSGD / DA2/142/2019)**

പഞ്ചായത്തിൽ ഉൾപ്പെട്ട ഗവിയിലെ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള തൊഴിലാളികൾക്കുള്ള ലയങ്ങൾക്ക് അറ്റകുറ്റപ്പണി ആവശ്യമുണ്ട്. ഇതിന്റെ അറ്റകുറ്റപ്പണിക്ക് പഞ്ചായത്തിൽ നിന്ന് ഫണ്ട് അനുവദിക്കണമെന്ന് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഡിവിഷണൽ മാനേജർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് അറ്റകുറ്റപ്പണി നടത്താൻ കുടുംബങ്ങൾക്ക് കഴിവില്ല. അതിനാൽ പഞ്ചായത്തിൽ നിന്ന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ചത്.

**തീരുമാനം** :- പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്**

## 4.6 Kerala Small Inustries Development Corporation Ltd.

**സിഡ്കോ ചെയർമാന്റെ 21.02.2019-ലെ CON/AB/ജനറൽ/12-ാം നമ്പർ കത്ത് (SRG 450/19 - DB4/120/19-LSGD)**

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ വിവിധ നിർമ്മാണ പ്രവൃത്തികൾ SIDCO മുഖേന നടപ്പാക്കുന്നുണ്ട്. ഇത്തരം പ്രവൃത്തികളുടെ തുക SIDCOക്ക് അഡ്വാൻസായി ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** :-
1) അനുമതി നിരസിച്ചു.
2) ഇവ കുടുംബശ്രീയുടെ നിർമ്മാണ യൂണിറ്റ് മുഖേന നടപ്പാക്കാൻ സാധിക്കുമോ എന്നു പരിശോധിച്ച് ആവശ്യമായ ഇടപെടൽ നടത്താൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

## 4.7 കാസർകോട് ജില്ലാ പഞ്ചായത്ത്

**കാസർകോട് ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 17.03.19 ലെ D2-4393/18-ാം നമ്പർ കത്ത് (SRG 448/19-LSGD-DA1/126/2019)**

ജനകീയാസൂത്രണ സബ്സിഡി മാർഗ്ഗരേഖ പ്രകാരം മത്സ്യതൊഴിലാളികൾക്ക് വല വാങ്ങുന്നതിന് നൽകാവുന്നത് യൂണിറ്റ് നിരക്കിന്റെ 50 ശതമാനമാണ്. ഇത് 100 ശതമാനമാക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം നിരസിച്ചു. സബ്സിഡി ഫിഷറീസ് വകുപ്പ്/ മത്സ്യ ഫെഡ് നൽകുന്ന സഹായ നിരക്ക് അധികരിക്കാൻ പാടില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്**

## 4.8 മംഗലപുരം ഗ്രാമപഞ്ചായത്ത്

**മംഗലപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.12.18 ലെ A1-7046/18—ാം കത്ത് (SRG 447/19-LSGD – DB3/3/2019)**

കോർഡിനേഷൻ കമ്മിറ്റിയുടെ 27.07.2017 – ലെ തീരുമാനപ്രകാരം (3.28) കുടുംബശ്രീ അംഗങ്ങൾ മുഖേന മാലിന്യം ശേഖരിക്കുന്നതിന് ഗുഡ്സ് ഓട്ടോ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു. മംഗലപുരം പഞ്ചായത്തിലെ ആലപ്പുറം കുന്നുപോലെയുള്ള പല പ്രദേശങ്ങളിലും ഗുഡ്സ് ഓട്ടോ എത്തിച്ചേരില്ല. അതിനാൽ മാക്സിമ മിനിട്രക്ക് വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇതിന്റെ ആവശ്യകത സംബന്ധിച്ച് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററിന്റെ കൂടി ശുപാർശ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണസമിതിയുടെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.9 തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം

**തസ്വഭവ ചീഫ് എഞ്ചിനീയറുടെ 25.03.19 ലെ DB6 6/ജനറൽ/2019/CE/തസ്വഭവ നമ്പർകത്ത് (SRG442/19-LSGD DA1-150/2019).**

നിർമ്മാണ പ്രവർത്തികൾക്കുള്ള പ്രോജക്ടുകളുടെ ഭരണാനുമതി, സാങ്കേതികാനുമതി ഇവയ്ക്കുശേഷം ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ തുക റ്റി.എസ്. തുകയേക്കാൾ ചിലപ്പോൾ കുറവായിരിക്കും. ഇങ്ങനെയുള്ള സാഹചര്യത്തിൽ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് മറ്റു പ്രോജക്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ എടുക്കാറുണ്ട്. സുലേഖാ സോഫ്റ്റ് വെയറിൽ പ്രോജക്ട് തുകയാണ് ചേർക്കാറുള്ളത്. ഇത് PWD മാന്വലിനെതിരാണ്. ഈ സാഹചര്യത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ ഭരണാനുമതി/ സാങ്കേതികാനുമതി തുകയും ടെണ്ടറിനുശേഷമുള്ള തുകയും പ്രത്യേകമായി ചേർക്കാനുള്ള ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുമായി ചർച്ച ചെയ്ത് ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**
**3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 4.10 വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

**വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.11.18 ലെ 4389/18-ാം നമ്പർ കത്തും പഞ്ചായത്ത് ഡയറക്ടറുടെ 08.02.19 ലെ J1-1017/19-ാം നമ്പർ കത്ത്. (SRG 442/19-LSGD-DA2/ 1603)**

പഞ്ചായത്തിൽ കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്യുന്നതിന് പ്രോജക്ട് നടപ്പാക്കുന്നുണ്ട്. ഇതിനായി BPCL, കൊച്ചി റിഫൈനറി അമ്പലമുകൾ പോലുള്ള സ്ഥാപനങ്ങൾ അവരുടെ CSR ഫണ്ട് നൽകാമെന്നറിയിച്ചിട്ടുണ്ട്. കാർഷിക

യന്ത്രങ്ങൾക്ക് 90 ശതമാനം സബ്സിഡിയും 10 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ് മാർഗ്ഗരേഖപ്രകാരം നിശ്ചയിച്ചിരിക്കുന്നത്. ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :** CSR വിഹിതം മാത്രം ഉപയോഗിച്ചാണെങ്കിൽ 100 ശതമാനം തുകയും സബ്സിഡി നൽകാൻ താഴെപ്പറയുന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

ധനസഹായം കാർഷിക കൂട്ടായ്മകൾക്കായിരിക്കണം. വ്യക്തിഗതമാണെങ്കിൽ 100 ശതമാനം സബ്സിഡി നൽകാവുന്നതല്ല. നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.11 ലൈഫ് മിഷൻ

**ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06.03.19 ലെ LF2/511/2017/ലൈഫ് നമ്പർ കത്ത് (SRG - 440/19. LSGD DB1/69/19)**

ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുകയും എന്നാൽ റേഷൻ കാർഡിന്റെ വിഷയത്തിൽ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്ത പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ ഇപ്പോൾ റേഷൻ കാർഡ് ലഭ്യമായിട്ടുള്ള ഗുണഭോക്താക്കളെ ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ**

## 4.12 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 30.11.2018-ലെ IF- 1748/18-ാം നമ്പർ കത്ത് (SRG - 438/19/LSGD - DB4/83/2019)**

കഴിഞ്ഞ വർഷം മത്സ്യതൊഴിലാളികൾക്ക് വള്ളം, വല എന്നിവ നൽകുന്നതിന് രണ്ട് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നു. (182/19, 186/19 - ആകെ അടങ്കൽ 56 ലക്ഷം രൂപ) മാർഗ്ഗരേഖ പ്രകാരം 50 ശതമാനമാണ് നൽകാവുന്ന സബ്സിഡി. 100 ശതമാനം സബ്സിഡി നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.13 കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാന്റെ 26.03.2019, 15.03.2019 - എന്നീ തീയതികളിലെ 3830/A5/2018/KSBB നമ്പർ കത്ത് (SRG - 530/19-LSGD/DA1/135/19)**

സംസ്ഥാനത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനതലത്തിലും ജൈവ വൈവിധ്യ പരിപാലന സമിതികൾ (BMC) നിലവിൽ വന്നിട്ടുണ്ട്. BMC യുടെ പ്രവർത്തനങ്ങൾക്കാവശ്യമായ വിദഗ്ധോപദേശങ്ങൾ നൽകുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മറ്റുമായി ജില്ലാ ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ ജില്ലാ തലത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനം ജൈവവൈവിധ്യ കോഓർഡിനേഷൻ കമ്മിറ്റി ( District Bio diversity Co-ordination Committee -

DBCC) എന്ന പേരിൽ രൂപീകരിക്കണമെന്നും ചുമതലകൾ നിശ്ചയിക്കണമെന്നതു സംബന്ധിച്ച്. നിർദ്ദേശിച്ചിരിക്കുന്ന ഘടന താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺ | - | ചെയർ പേഴ്സൺ |
| ജില്ലാ ആസൂത്രണസമിതി ഗവ.നോമിനി | - | വൈസ് ചെയർപേഴ്സൺ |
| ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് | - | കൺവീനർ |
| ജൈവ വൈവിധ്യ ബോർഡിന്റെ ജില്ലാ കോഓർഡിനേറ്റർ | - | ജോയിന്റ് കൺവീനർ |

**മറ്റ് അംഗങ്ങൾ**

(1) ജില്ലാ ആസൂത്രണ സമിതി നാമനിർദ്ദേശം ചെയ്യുന്ന 5- ൽ കുറയാത്ത വിദഗ്ധർ
(2) പ്രിൻസിപ്പൽ കൃഷി ഓഫീസർ
(3) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
(4) ജില്ലാ ഫിഷറീസ് ഓഫീസർ
(5) ജില്ലാ മൃഗസംരക്ഷണ ഓഫീസർ
(6) പ്രോജക്ട് ഡയറക്ടർ (PAU)
(7) ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ (2 പേർ)
(8) ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ (2പേർ)
(9) നഗരസഭാ ചെയർമാൻമാരിൽ നിന്നും ഒരാൾ
10) ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റിൽ നിന്ന് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർ

**തീരുമാനം :-** ജൈവവൈവിധ്യ ബോർഡുമായി ചർച്ച ചെയ്തതിനുശേഷം പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.14 കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്

**KSBB - മെമ്പർ സെക്രട്ടറിയുടെ 16.07.2019-ലെ കൺസർ/3880/2018/KSBB നമ്പർ കത്ത് (3 കത്തുകൾ) (SRG 654/19)**

(i) സംസ്ഥാനത്ത് 904 ഗ്രാമപഞ്ചായത്തുകളിലും 66 മുനിസിപ്പാലിറ്റികളിലും 4 കോർപ്പറേഷനുകളിലുമായി 974 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ പദ്ധതി നടപ്പാക്കി വരുന്നു. ഇത് സംരക്ഷിക്കുകയും കാലാകാലങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുകയും വേണം. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ബി.എം.സി. കളുടേയും മേൽനോട്ടത്തിൽ ഡിജിറ്റലൈസ് ചെയ്യണം. ഓരോ തദ്ദേശഭരണ സ്ഥാപനതലത്തിലും ഇ.പി.ബി.ആർ. തയ്യാറാക്കുന്നതിന് കുറഞ്ഞത് 6 മാസക്കാലയളവിലേയ്ക്ക് ഒരാളെ നിയമിക്കുന്നതിനും കമ്പ്യൂട്ടർ അനുവദിക്കുന്ന തിനും ഈ വർഷം തന്നെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും അനുമതി സംബന്ധിച്ച്

**തീരുമാനം :-** ജൈവവൈവിധ്യ ബോർഡുമായി ചർച്ച ചെയ്തതിനുശേഷം പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(ii) മുകളിൽ പറഞ്ഞ ജൈവ വൈവിധ്യ രജിസ്റ്ററിലെ വിവരങ്ങൾ എല്ലാ വർഷവും അപ്ഡേറ്റ് ചെയ്യുന്നതിന് (തുടക്കത്തിൽ 5 വർഷക്കാലയളവിലേയ്ക്ക്) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 5.00 ലക്ഷം രൂപവരെ വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ജൈവവൈവിധ്യ ബോർഡുമായി ചർച്ച ചെയ്തതിനുശേഷം പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(iii) തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജൈവ വൈവിധ്യ പരിപാലന സമിതി അംഗങ്ങൾക്ക് അവരുടെ ചുമതലകളെപ്പറ്റിയും അവ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം തുടങ്ങിയവ സംബന്ധിച്ചും KILA മുഖേന പരിശീലനം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യത്തിന്മേൽ തുടർ നടപടി സ്വീകരിക്കാൻ KILA ഡയറക്ടറേയും കേരള സ്റ്റേറ്റ് ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയേയും ചുമതലപ്പെടുത്തി.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) മെമ്പർ സെക്രട്ടറി, ജൈവവൈവിധ്യ ബോർഡ്**
**3) ഡയക്ടർ, കില**

(iv) **ജൈവവൈവിധ്യ ഗ്രാമം**

എല്ലാ ജില്ലയിലും ഓരോ ഗ്രാമപഞ്ചായത്തുകളിൽ/നഗരസഭകളിൽ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ 'ജൈവവൈവിധ്യ ഗ്രാമം' എന്ന പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. ഇതിന് ആവശ്യമായ കർമ്മ പദ്ധതി തയ്യാറാക്കി അനുയോജ്യമായ ഒരു തദ്ദേശഭരണ സ്ഥാപനത്തെ എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ കേരള ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാനെ ചുമതലപ്പെടുത്തി

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) മെമ്പർ സെക്രട്ടറി, ജൈവവൈവിധ്യ ബോർഡ്**

**4.15 അഞ്ച്തെങ്ങ് ഗ്രാമപഞ്ചായത്ത്**

**അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.07.2019-ലെ A2 - 2868/19-ാം നമ്പർ കത്ത് ( SRG- 604/19)**

പഞ്ചായത്തിൽ മാവേലി സ്റ്റോർ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പഴയ ഫ്രണ്ട് ഓഫീസ് കെട്ടിടത്തിൽ അറ്റകുറ്റപ്പണി നടത്തി മാവേലി സ്റ്റോറിന് സൗകര്യമൊരുക്കാൻ വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്താൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** വാർഷിക പദ്ധതി ഭേദഗതിക്കായി പൊതുവായി ക്രമീകരണം ചെയ്യുമ്പോൾ നടപടി സ്വീകരിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.16 എലിക്കുളം ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.07.2019-ലെ കത്തും എലിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.07.2019-ലെ A1-7191(2) -ാം നമ്പർ കത്തും** ( SRG - 610/19 - CC395/19)

**പ്രോ.നം 56/19**

അടങ്കൽ 1,50,00,000/- രൂപ
(തനത് ഫണ്ട് - 1,31,47,778/- രൂപ
വികസന ഫണ്ട് - 15,64,302/-
CFC - 2,87,920/-

***പേര് :-*** പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് 2018-19 വർഷം പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇതിന് സാങ്കേതികാനുമതി ലഭിച്ചു. വെറ്റിംഗ് സമയത്ത് വാലിഡേഷൻ പോയതിനാൽ കഴിഞ്ഞ വർഷം ഇതു ക്രമപ്പെടുത്തി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങാൻ കഴിഞ്ഞില്ല. അതിനാൽ ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയില്ല. ഇത് പരിഹരിക്കാൻ സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യമായ ക്രമീകരണം ചെയ്യണം

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യുട്ടീവ് ഡയറക്ടർ, ഐ.കെ.എം**

4.17 ജില്ലാ ആസൂത്രണസമിതി, കൊല്ലം

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.06.2019-ലെ 1930/2019/20/DPC/ DPO/KLM/CC നമ്പർ കത്ത് (SRG - 550/19)**

ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രോജക്ട് അടങ്കൽ കുറഞ്ഞത് 5.00 ലക്ഷം രൂപ ആകണമെന്നാണ് മാർഗ്ഗരേഖ. എന്നാൽ ജില്ലയിൽ ചില ബ്ലോക്ക് പഞ്ചായത്തുകൾ ഈ കുറഞ്ഞ പരിധി പാലിക്കാതെ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറുന്ന റോഡ് നിർമ്മാണത്തിനുള്ള സംയുക്ത പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം അഞ്ച് ലക്ഷത്തിൽ കുറവായതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഇത്തരം പ്രോജക്ടുകൾക്ക് അംഗീകാരം നൽകാമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-**

1) കൊല്ലം ജില്ലയിൽ ഇപ്രകാരം വ്യാപകമായി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.
2) ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതം ചെറിയ ചെറിയ പദ്ധതികൾക്ക് ഉപയോഗിക്കുന്നത് അഭിലഷണീയമല്ലെന്നും ഇതു നിരുത്സാഹപ്പെടു ത്തേണ്ടതാണെന്നും യോഗം നിരീക്ഷിച്ചു. പ്രത്യേക പരിഗണന നൽകേണ്ട കേസുകളിൽ പരിശോധനയുടെ അടിസ്ഥാനത്തിലല്ലാതെ ഇങ്ങനെ

നാമമാത്രമായി തുക കൈമാറുന്നതിന് അനുമതി നൽകാവുന്നതല്ല എന്ന് സ്പഷ്ടീകരണം നൽകുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**4.18 ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്**

**ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.07.2019-ലെ കത്തും 09.07.2019-ലെ 3(4) -ാം നമ്പർ ഭരണസമതി തീരുമാനവും ( SRG 614/19)**

ലൈഫ് പദ്ധതി പ്രകാരം ഭൂമിയുള്ള ഭവന രഹിതരായ 187 ഗുണഭോക്താക്കളുണ്ട്. ചിന്നക്കനാൽ വില്ലേജിലെ പ്രത്യേകത കാരണം ദീർഘനാളായി താമസിക്കുന്ന ആളുകൾക്കുപോലും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാൻ തടസ്സമുണ്ട്. അതിനാൽ 69 പേർ മാത്രമാണ് ഇതുവരെ എഗ്രിമെന്റ് വച്ചത്. കരാർ വയ്ക്കാനുള്ള അവസാന തീയതി 15.07.2019 ആയിരുന്നു. അതിനാൽ എഗ്രിമെന്റ് വയ്ക്കാനുള്ള കാലാവധി നീട്ടണമെന്നും അർഹരായവർക്ക് കാലതാമസം കൂടാതെ കൈവശാവകാശരേഖ നൽകാൻ നിർദ്ദേശം നൽകണമെന്നും സംബന്ധിച്ച്.

**തീരുമാനം :-** 1) ഈ വിഷയം ഇടുക്കി ജില്ലാ കളക്ടറുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

2) എഗ്രിമെന്റ് കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് ഓരോ കേസിനും മതിയായ വിശദീകരണത്തോടെ ആവശ്യപ്പെടുന്നതനുസരിച്ച് ഉചിതമായ നടപടി യെടുക്കാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

**4.19 താനൂർ മുനിസിപ്പാലിറ്റി**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.01.2019-ലെ കത്തും മുനിസിപ്പൽ സെക്രട്ടറിയുടെ 01.11.2018-ലെ കത്തും (SRG - 56/19 CC/476/18)**

2015-16-ൽ താനൂർ മുനിസിപ്പാലിറ്റിയിൽ 135 ഗുണഭോക്താക്കൾക്ക് ഭവന പദ്ധതി നടപ്പാക്കിയിരുന്നു. ഇതിൽ 10 പേർ ഇതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. ഇവർ ലൈഫ് ലിസ്റ്റിലും ഉൾപ്പെട്ടിരുന്നില്ല. ഇവരുടെ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ ധനസഹായം നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രോജക്ട് നടപ്പാക്കിയ വർഷം വീട് നിർമ്മാണത്തിന് നിശ്ചയിച്ചിരുന്ന യൂണിറ്റ് നിരക്ക്, നൽകിയ തുക, ഇനി പൂർത്തീകരിക്കാൻ ആവശ്യമായ തുക എന്നിവ അടക്കമുള്ള വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

**4.20 തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.06.2019-ലെ കത്തും തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 21.02.2019-ലെ 40(1)-ാംം നമ്പർ ഭരണസമിതി തീരുമാനവും ( SRG 482/19-CC 276/19)**

മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ CC TV ക്യാമറ സ്ഥാപിക്കാനുള്ള പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ റിപ്പോർട്ട് സഹിതം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനയ്ക്ക് നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.21 വാഴൂർ ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.07.19 ലെ കത്ത്. (SRG629/19-CC/394/2019)**

***പ്രോജക്ട് നം.104/20*** ***അടങ്കൽ 8,64,000/- രൂപ (തനതുഫണ്ട്)***

***പേര് – വാഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ അധിക സ്റ്റാഫുകൾക്ക് വേതനം.***

വാഴൂർ പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവനുസരിച്ച് ഒരു മെഡിക്കൽ ഓഫീസറേയും ഒരു ഫാർമസിസ്റ്റിനേയും അധികമായി നിയമിച്ചിട്ടുണ്ട്. അധിക തിരിക്കുള്ളതിനാൽ ഒരു സ്റ്റാഫ് നേഴ്സിനെകൂടി നിയമിക്കണമെന്ന് മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നത് സംബന്ധിച്ച്

**തീരുമാനം :-** തനത് ഫണ്ട് മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധനയോടെ ഈ വർഷത്തേയ്ക്ക് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.22. മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച്**

**മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച നിയമസഭാസമിതിയുടെ നിർദ്ദേശത്തിന്മേൽ തദ്ദേശഭരണവകുപ്പ് DA3 വകുപ്പിന്റെ 5.04.2019 ലെ കുറിപ്പ് (LSGD – 475/DA3/18(LSGD).**

14.05.2007 ലെ 128/2007 തസ്വഭവ ഉത്തരവുപ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിന്റെ 5% തുക ശിശുക്കൾ, വൃദ്ധർ, വികലാംഗർ എന്നിവരുടെ ക്ഷേമത്തിനുവേണ്ടി മാറ്റിവെയ്ക്കണമെന്ന വ്യവസ്ഥ സംബന്ധിച്ച് മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായുള്ള നിയമസഭാ സമിതി ചർച്ച ചെയ്തു. വിവിധ വിഭാഗം ജനങ്ങൾക്കായി ഒരു വിഹിതം മൊത്തമായി വയ്ക്കുകയാണെങ്കിൽ എല്ലാ വിഭാഗങ്ങൾക്കും തുല്യമായ വിഹിതം ലഭിക്കുകയില്ലെന്നും അതിനാൽ ഓരോ വിഭാഗത്തിനും നിശ്ചിത ശതമാനം നീക്കി വയ്ക്കപ്പെടുന്ന രീതിയിൽ മുകളിൽ പറഞ്ഞ ഉത്തരവു ഭേദഗതി ചെയ്യണമെന്നും സമിതി ശുപാർശ ചെയ്തിരുന്നു. ഇതിന്മേൽ നടപടിയെടുക്കുന്നത് സംബന്ധിച്ച്

**തീരുമാനം :-** 14.05.2007–ലെ 128/2007 തദ്ദേശഭരണവകുപ്പ ഉത്തരവു പ്രകാരം ശിശുക്കൾ, വൃദ്ധർ, വികലാംഗർ എന്നിവർക്കായി പദ്ധതി വിഹിതത്തിന്റെ 5% തുക മാറ്റി വയ്ക്കണമെന്നായിരുന്നു നിർദ്ദേശം. എന്നാൽ പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കുള്ള 29.01.2018 ലെ 11/2018/തസ്വഭവ നമ്പറായുള്ള പുതുക്കിയ മാർഗ്ഗരേഖപ്രകാരം വികസന ഫണ്ടിന്റെ 5 ശതമാനം തുക കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിനും 5 ശതമാനം തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പരിപാടിക്കും മാറ്റി വയ്ക്കണമെന്നാണ് (ആകെ വിഹിതം 10 ശതമാനം). ഇതുപ്രകാരം സമിതിയുടെ ശുപാർശ പരിഗണിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് ഈ വിവരം സമിതിയെ അറിയിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.23 ചാവക്കാട് മുനിസിപ്പാലിറ്റി

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.04.2019 ലെ കത്ത് (SRG 401/19-CC47/2019).**

ചാവക്കാട് നഗരസഭയിൽ മുതുവട്ടൂർ, പുത്തൻകടപ്പുറം, ബ്ലാങ്ങാട് ബീച്ച്, തിരുവത്ര, വഞ്ചിക്കടവ് എന്നിവിടങ്ങളിലെ ലൈബ്രറികൾ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ളതാണ്. നഗരസഭയ്ക്ക് ഒരു ലൈബ്രറിയൻ മാത്രമാണുള്ളത്. ഇയാളുടെ സേവനമുപയോഗിച്ച് മുതുവട്ടൂർ ലൈബ്രറി പ്രവർത്തിച്ചുവരുന്നു. മറ്റു നാലു ലൈബ്രറികളിലേക്ക് ഓരോ ലൈബ്രേറിയന്മാരെ നിയമിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** വകുപ്പുതലത്തിൽ പരിശോധിച്ച് നടപടിയെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.24 മലയിൻകീഴ് സ്കൂളിന്റെ നവീകരണം

**ബഹു. കാട്ടാക്കട എം.എൽ.എ.യുടെ 19.07.2019-ലെ കത്തും 23.07.2019-ലെ കത്തുകളും ( 3എണ്ണം)**

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മലയിൻകീഴ് ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ നവീകരണത്തിന് 8.55 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി കിഫ്ബിയിൽ നിന്ന് 5.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 3.55 കോടി രൂപ കണ്ടെത്തുന്നതിന് സ്കൂൾ സ്ഥിതി ചെയ്യുന്ന മലയിൻകീഴ് ഗ്രാമപഞ്ചായത്ത്, നേമം ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, എന്നീ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഹിതം വകയിരുത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റേയും നേമം ബ്ലോക്ക് പഞ്ചായത്തിന്റേയും ജില്ലാ പഞ്ചായത്തിന്റേയും പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.25 കുടുംബശ്രീ

**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.07.2019-ലെ 11299/P/2018/KSHO നമ്പർ കുറിപ്പ്**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018-ലെ തീരുമാനപ്രകാരം 50 ആർ.ഒ പ്ലാന്റ് ആരംഭിക്കുന്നതിന് കുടുംബശ്രീക്ക് അനുമതി നൽകിയിരുന്നു. ആർ.ഒ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 25.50 ലക്ഷം രൂപ ചെലവു വരുന്ന മാതൃകയാണ് ഉണ്ടായിരുന്നത്. ഇത് സ്ഥാപിക്കുന്നതിന് കുടുംബശ്രീ യൂണിറ്റിന് 15.00 ലക്ഷം രൂപയോളം മുതൽ മുടക്ക് വരുന്നുണ്ട്. കൂടാതെ 6 മാസത്തെ പ്രവർത്തന മൂലധനവും വേണം. മറ്റു സംസ്ഥാനങ്ങളിൽ ഇതിലും കുറഞ്ഞ ചെലവിൽ വ്യത്യസ്ഥ ഉത്പാദന ശേഷിയുള്ള പ്ലാന്റുകൾ ഉണ്ട്. ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മൂന്ന് ഏജൻസികളെ കുടുംബശ്രീ അടുത്ത 2 വർഷത്തേയ്ക്ക് എം പാനൽ ചെയ്തിട്ടുണ്ട്. എം പാനൽ ചെയ്ത ഏജൻസികൾ, പ്ലാന്റുകളുടെ കപ്പാസിറ്റി, നിരക്ക് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏജൻസി | പ്ലാന്റ് കപ്പാസിറ്റി | പരമാവധി നിരക്ക് |
|---|---|---|---|
| 1 | M/s.Tata Project Ltd. Utility Services Division Splendid Towers, 6th Floor, Begumpet, Hyderabad - 500016 | 100 LPH | 2,61,431 |
| | | 500 LPH | 3,23,910 |
| | | 1000 LPH | 4,27,750 |
| | | 2000 LPH | 6,24,929 |
| 2 | M/S Piramal Water Pvt.Ltd A - 705-709, Dev Auram Building Anand Nagar Road, Prahlad Nagar, Ahamedabad 380013 | 100 LPH | 2,61,431 |
| | | 500 LPH | 3,23,910 |
| | | 1000 LPH | 4,27,750 |
| | | 2000 LPH | 6,24,929 |
| 3 | M/S M.S. Scientific & Aqua Systems 5-2-13/2 2nd Floor, Chaitanya Tower, Hyderbasti, Bansilapet, Secunderabad - 500003 | 100 LPH | 2,61,431 |
| | | 500 LPH | 3,23,910 |
| | | 1000 LPH | 4,27,750 |
| | | 2000 LPH | 6,24,929 |

പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മുകളിൽ പറഞ്ഞ എംപാനൽ ചെയ്ത ഏജൻസികളെ ടെണ്ടർ നടപടി കൂടാതെ തെരഞ്ഞെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കുടുംബശ്രീക്കും അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** താഴെപ്പറയുന്ന നിബന്ധനകളോടെ അനുമതി നൽകുന്നു.

(i) ആർ.ഒ. പ്ലാന്റുകൾ കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിനു മാത്രമാണ് ഈ ഏജൻസികളെ ടെണ്ടർ കൂടാതെ തെരഞ്ഞെടുക്കാവുന്നത്.

(ii) മുകളിൽ പറഞ്ഞ നിരക്ക് പരമാവധി ആയിരിക്കും

(iii) ആവശ്യമെങ്കിൽ മുകളിൽ പറഞ്ഞ ഏജൻസികളിൽ നിന്ന് ലിമിറ്റഡ് ടെണ്ടർ നടത്താവുന്നതാണ്.

(iv) തദ്ദേശഭരണ സ്ഥാപനങ്ങളടക്കം മറ്റുള്ളവർക്ക് ഓപ്പൺ ടെണ്ടർ ചെയ്തും ഏജൻസികളെ തെരഞ്ഞെടുക്കാം.

എന്നാൽ മുകളിൽ പറഞ്ഞ നിരക്കിൽ കുറവായിരിക്കണം.
കുടിവെള്ളത്തിന്റെ ആവശ്യകത അനുസരിച്ച് ആർ.ഒ പ്ലാന്റുകൾ പൂർണ്ണതോതിൽ ഉപയോഗിക്കാൻ നടപടി സ്വീകരിക്കണം. ആർ.ഒ പ്ലാന്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി എടുത്ത മറ്റു തീരുമാനങ്ങൾ പാലിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

## 4.26 ലൈഫ് മിഷൻ - കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്

**ലൈഫ് മിഷൻ CEOയുടെ 26.02.2019-ലെ LF-4456/CC/2019/ലൈഫ് നമ്പർ കത്ത്**

കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ (14-ാം വാർഡ്) അമ്പയിൻതല ചന്ദ്രാലയത്തിൽ ശ്രീമതി. സി.എൽ. ചിത്ര എന്നയാൾ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ (ഭൂമിയുള്ള ഭവന രഹിതർ) 42-ാം നമ്പർ ആയി ഉൾപ്പെട്ടിരുന്നു. എന്നാൽ ഇവരുടെ പേര് ഉൾപ്പെട്ടിരുന്ന റേഷൻ കാർഡിൽ മാതാവ് ശ്രീമതി ലീല, പിതാവ്, സഹോദരൻ എന്നിവരും ഉണ്ട്. ശ്രീമതി ലീലയുടെ പേരിൽ നിലവിൽ വീടുണ്ട്. അതിനാൽ ശ്രീമതി ചിത്രയ്ക്ക് വീടു നൽകിയില്ല. ഇവർക്ക് ഇപ്പോൾ പുതിയ റേഷൻ കാർഡ് ലഭിച്ചു. ബധിരയും സംസാരശേഷിയില്ലാത്ത ഇവർ രണ്ട് പെൺകുട്ടികളുമായി കുടിലിലാണ് കഴിയുന്നത്. ഇവർക്ക് വീട് നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.27 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.07.2019-ലെ കത്ത് ( SRG - 621/19 - CC 416/19)**

***പ്രോ.നം. 103/20 അടങ്കൽ 11,23,000/- രൂപ (വികസനഫണ്ട് )***

***പേര് :- ഒന്നു മുതൽ നാലാം ക്ലാസ് വരെയുള്ള എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ***

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിലെ ഒന്നു മുതൽ നാലാം ക്ലാസ് വരെയുള്ള എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** മുഴുവൻ സർക്കാർ സ്കൂളുകളിലും സ്റ്റീൽ വാട്ടർ ബോട്ടിൽ നൽകിയിട്ടുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.28 കോട്ടയം മുനിസിപ്പാലിറ്റി

**കോട്ടയം നഗരസഭാ സെക്രട്ടറിയുടെ 18.07.2019-ലെ G-13/9867/19-ാം നമ്പർ കത്തും വികസനകാര്യ കമ്മിറ്റി യോഗത്തിന്റെ 28.06.2019-ലെ തീരുമാനവും (SRG - 655/19)**

നഗരസഭയുടെ PMAY ലിസ്റ്റിൽ ഉൾപ്പെട്ട ചില ഗുണഭോക്താക്കൾ വീട് അറ്റകുറ്റപ്പണിക്ക് കഴിഞ്ഞ 8 വർഷത്തിനകം 15,000/- രൂപ മുതൽ 25,000/- രൂപ വരെ കൈപ്പറ്റിയിരുന്നു. എന്നാൽ ഇത്തരം വീടുകൾ നിലവിൽ വാസയോഗ്യമല്ല. ഇവർക്ക് പുതിയ വീട് നൽകുന്നതിന് കൈപ്പറ്റിയ തുക 12 ശതമാനം പലിശയടക്കം തിരികെ അടയ്ക്കണമെന്ന നിബന്ധന ഒഴിവാക്കണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** PMAYഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വീട് അറ്റകുറ്റപ്പണിക്ക് വാങ്ങിയ തുക തിരികെ അടയ്ക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കി ക്കൊണ്ട് പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.29 കാസറഗോഡ് ജില്ലാ പഞ്ചായത്ത്

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.06.2019-ലെ കത്തും കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.03.2019-ലെ B1-1014/18 -ാം നമ്പർ കത്തും**

കാസറഗോഡ് ജില്ലയിൽ വിവിധ പ്രദേശങ്ങളിലായി ഒട്ടേറെ നിർജ്ജീവ കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. ഇത്തരം കുടിവെള്ള പദ്ധതികൾ പുനർജ്ജീവിപ്പിക്കാൻ ആവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :-** മറ്റ് വകുപ്പുകളുടെ കീഴിലല്ലാത്ത ഇത്തരം പദ്ധതികൾ നവീകരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായോ സംയുക്തമായോ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. ജില്ലാ ആസൂത്രണസമിതി തലത്തിൽ ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.30 തിരുവനന്തപുരം ജില്ലാ ആസൂത്രണസമിതി

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25.07.2019-ലെ plg-1425/2019-20/DPC/ DPO/തിരു.നമ്പർ കത്ത്**

(i) തിരുവനന്തപുരം ജില്ലയിൽ 2018-19-ൽ വാർഷിക പദ്ധതിയുടെ ഭാഗമായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും ഭിന്നശേഷി വിഭാഗക്കാരുടെ കലോത്സവം നടത്തിയിരുന്നു. 2019-20-ലും ഇതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളും പ്രോജക്ട് എടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിജയികളെ ഉൾപ്പെടുത്തി ബ്ലോക്ക്തല മത്സരങ്ങൾ കൂടി സംഘടിപ്പിക്കണമെന്ന് ആവശ്യം വന്നിട്ടുണ്ട്. എല്ലാ ബ്ലോക്ക് തലത്തിലും

കലോത്സവം നടത്തുന്നതിന് ഓരോ ബ്ലോക്കിനും ഒരു ലക്ഷം രൂപ വീതം ചെലവഴിക്കാനായി അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ വർഷം കലോത്സവം വിജയപ്രദമായി നടപ്പാക്കിയിരുന്നു എന്ന് യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയ്ക്ക് മാത്രമായി അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

(ii) സാംസ്കാരിക വകുപ്പിന്റെ വജ്ര ജൂബിലി ഫെലോഷിപ്പ് കലാകാരന്മാരെ ഉപയോഗപ്പെടുത്തി കലാ പ്രവർത്തനങ്ങൾ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നടക്കുന്നുണ്ട്. ഇവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്നവയ്ക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

(i) മൃദംഗം, വീണ, വയലിൻ തുടങ്ങിയ സംഗീതോപകരണങ്ങൾ വാങ്ങുന്നതിന് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി സംബന്ധിച്ച്

**തീരുമാനം :-** തിരുവനന്തപുരം ജില്ലയ്ക്ക് മാത്രമായി അനുമതി നൽകുന്നു. മറ്റു ജില്ലകളിലെ പ്രവർത്തനം വിലയിരുത്തിയിട്ട് ആവശ്യപ്പെടുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്. വാങ്ങിക്കുന്ന ഉപകരണം പരിശീലന ആവശ്യത്തിന് (പൊതുവായി) ഉപയോഗിക്കേണ്ടതാണ്. ഉടമസ്ഥത അതത് തദ്ദേശഭരണ സ്ഥാപനത്തിനായിരിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(ii) പരിശീലനം ലഭിച്ച കുട്ടികളുടേയും രക്ഷകർത്താക്കളുടേയും ഒത്തുചേരലിനും കലാ പ്രകടനങ്ങൾ സംഘടിപ്പിക്കുന്നതിനുമായി ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്ക് അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇതിന് ആവശ്യമായ ചെലവു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)സ്റ്റേറ്റ് റിസോഴസ് ഗ്രൂപ്പ്**

## 4.31 കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

**കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.06.2019-ലെ കത്ത് (SRG - 681/19 - LSGD/DA2/303/19)**

സ്കൂൾ കുട്ടികൾക്ക് ഗതാഗത സൗകര്യമൊരുക്കാനുള്ള പ്രോജക്റ്റ് തയ്യാറാക്കി നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഇതിന്റെ ആവശ്യകത, എത്ര സ്കൂളുകൾ, എത്ര കുട്ടികൾ തുടങ്ങിയവ പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

## 4.32 കുടുംബശ്രീ

**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.07.2019-ലെ 1152/D/2016/KSHO കത്ത്**

വിശാല കൊച്ചി വികസന അതോറിറ്റിയുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ വിവിധ മേഖലകളിൽ തൊഴിൽ അവസരങ്ങൾ നിലവിലുണ്ടെന്നും ഇവ കുടുംബശ്രീയെ ഏൽപ്പിക്കാൻ താല്പര്യമുണ്ടെന്നും GCDA കുടുംബശ്രീയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കുടുംബശ്രീയെ ടെണ്ടർ/ക്വട്ടേഷൻ നടപടികളിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള തീരുമാനം വേണമെന്നും അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ GCDA യിലേയും ഇതേ മാതൃകയിലുള്ള മറ്റു സ്ഥാപനങ്ങളിലേയും ക്ലീനിംഗ്, ഹൗസ് കീപ്പിംഗ് ലാന്റ് സ്കേപിംഗ് ജോലികൾ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ ഒഴിവാക്കി കുടുംബശ്രീയെ ചുമതലപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

(യോഗം 6.30 മണിക്ക് അവസാനിച്ചു)

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5 ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
6 ഗ്രാമവികസന കമ്മീഷണർ
7 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് (പ്രതിനിധി)
9 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
10 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
11 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
12 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
13 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്(പ്രതിനിധി)
14 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ(പ്രതിനിധി)
15 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
16 ചെയർമാൻ, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്
17 ഡയറക്ടർ, വനിതാശിശുക്ഷേമ വകുപ്പ്
18 ഡയറക്ടർ, കില
19 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
20 ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്